# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 482
# 29.01.2019-ന് മറുപടി നൽകേണ്ടത്

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.വി.പി. സജീന്ദ്രൻ | ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | സംസ്ഥാനത്തെ വ്യവസായ വളർച്ചയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ ; | ഉണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് സംസ്ഥാനത്തെ വ്യവസായവത്കരണത്തിന് സഹായിക്കുന്ന സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നാളിതുവരെ 50,000 ത്തിലധികം പദ്ധതികൾക്ക് കെ.എഫ്.സി വായ്പ അനുവദിച്ചിട്ടുണ്ട്. |
| ബി. | കെ.എഫ്.സി.ൽ പേയ്മെന്റുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | കെ.എഫ്.സി.യിൽ ഇപ്പോൾ പണമിടപാടുകൾ ഡിജിറ്റൽ രൂപത്തിൽ ആണ് നടക്കുന്നത്. രണ്ട് സംവിധാനങ്ങൾ ആണ് ഇതിനായി നടപ്പിലാക്കിയിരിക്കുന്നത്.<br>1) ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ<br>2) വെർച്ച്വൽ അക്കൗണ്ട് സിസ്റ്റം<br>സൗത്ത് ഇൻഡ്യൻ ബാങ്കുമായി ചേർന്ന് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ നടപ്പിലാക്കിയിരിക്കുന്നത് www.onlinekfc.org വഴിയാണ്. |
| സി. | ഡിജിറ്റൽ പണമിടപാട് ലളിതമാക്കുന്നതിന് കെ.എഫ്.സി. ബാങ്കുകളിൽ വെർച്ച്വൽ അക്കൗണ്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ സംവിധാനത്തിന്റെ പ്രയോജനം വ്യക്തമാക്കുമോ? | കെ.എഫ്.സി ഇടപാടുകൾ ലളിതമാക്കുന്നതിന് ബാങ്കുകളുമായി ചേർന്ന് വെർച്ച്വൽ അക്കൗണ്ട് സംവിധാനം തുടങ്ങി. സൗത്ത് ഇന്ത്യൻ ബാങ്കും ഫെഡറൽ ബാങ്കുമായി ചേർന്നാണ് ഇത് നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനത്തിൽക്കൂടി വായ്പക്കാർക്ക് കെ.എഫ്.സിയിലെ വായ്പയുടെ അക്കൗണ്ട് നമ്പർ തന്നെ ബാങ്ക് അക്കൗണ്ട് നമ്പർ |

| | | |
|---|---|---|
| | | ആയി ഉപയോഗിക്കാൻ സാധിക്കുന്നു. അതിനാൽ ഉപഭോക്താക്കൾക്ക് അനായാസമായി പണം ബാങ്കുവഴി വായ്പയിലേയ്ക്ക് അടക്കാൻ സാധിക്കുന്നു. കൂടാതെ വെർച്ചൽ അക്കൗണ്ടിലേയ്ക്ക് വരുന്ന തുക കെ.എഫ്.സി.യുടെ കോർ സിസ്റ്റത്തിൽ അന്നുതന്നെ സെറ്റിൽ ആകുകയും ചെയ്യുന്നു. പണമിടപാടുകളുടെ വിവരങ്ങൾ യഥാസമയം ഉപഭോക്താക്കളെ SMS/ഇമെയിൽ വഴി അറിയിക്കാനും കഴിയുന്നു. |

**സെക്ഷൻ ഓഫീസർ**